**പതിനാലാം കേരള നിയമസഭ**

**പതിനേഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 123** — **02.03.2020 ൽ മറുപടിക്ക്**

## പോലീസിനു വേണ്ടി വാങ്ങിയ ബി.എസ്.4 വാഹനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. വി.എസ്. ശിവകുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസ് നവീകരണത്തിന്റെ ഭാഗമായി ബി.എസ്.4 എഞ്ചിനുള്ള ബൊലേറോ എസ്.യു.വി. വാഹനങ്ങൾ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ പോലീസ് സേനയ്ക്ക് വേണ്ടി വാങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;<br><br>ബി) എങ്കിൽ എന്നാണ് പ്രസ്തുത വാഹനങ്ങൾ വാങ്ങിയതെന്നും എത്രയെണ്ണം വാങ്ങിയെന്നും അതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | എ) യും ബി) യും സ്റ്റേറ്റ് പ്ലാൻ സ്കീം 2019-2020 പ്രകാരം പോലീസ് സ്റ്റേഷനുകൾക്ക് ലൈറ്റ് മോട്ടോർ വാഹനങ്ങൾ വാങ്ങുന്നതിന് അനുവദിച്ച തുക ഉപയോഗിച്ച് 2019 ഡിസംബർ, 2020 ജനുവരി മാസക്കാലയളവിന് ഇടയിൽ 214 ബൊലേറോ പവർ പ്ലസ് 2WD RS IV വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതിനായി 14,62,14,432/- രൂപ ചെലവായിട്ടുണ്ട്. |
| സി) രാജ്യത്ത് വായുമലിനീകരണം അനിയന്ത്രിതമായ സാഹചര്യത്തിൽ 2020 ഏപ്രിലിന് ശേഷം ബി.എസ്.4 ഇനത്തിൽപെട്ട വാഹനങ്ങൾ വില്പന നടത്തുവാൻ പാടില്ലായെന്ന നിർദ്ദേശം നിലവിലുള്ളപ്പോൾ വൻതോതിൽ ഇത്തരത്തിലുള്ള വാഹനങ്ങൾ വാങ്ങിയതിനുള്ള പ്രത്യേക സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ? | സി) ഈ വാഹനങ്ങൾ ഗവൺമെന്റ് ഇ മാർക്കറ്റ് (GeM) പോർട്ടൽ വഴി 25.11.2019 ന് നൽകിയ സപ്ലൈ ഓർഡർ പ്രകാരമാണ് വാങ്ങിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ